മലയാള മനോരമ 11 September 2023

# സിഎംഎഫ്ആർഐ പഠനഫലങ്ങൾ യുഎൻ വേദിയിൽ

കൊച്ചി● കടൽ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനഫലങ്ങൾ ദക്ഷിണ കൊറിയയിൽ നടന്ന ഐക്യ രാഷ്ട്ര സംഘടനാ (യുഎൻ) വേദിയിൽ അവതരിപ്പിച്ചു. സമുദ്ര ജൈവവൈവിധ്യ സംരക്ഷണത്തിൽ രാജ്യത്തിന്റെ പ്രധാന മുൻഗണനകളായ കണ്ടൽ സംരക്ഷണം, പവിഴപ്പുറ്റുകളുടെ പുനരുജ്ജീവനം, കടലിൽ സംരക്ഷിത മേഖലകൾ നിർണയിക്കൽ, സുസ്ഥിര മത്സ്യബന്ധന രീതികൾ നടപ്പാക്കൽ എന്നിവയുമായി ബന്ധപ്പെട്ട സിഎംഎഫ്ആർഐയുടെ ഗവേഷണ പ്രവർത്തനങ്ങളാണ് ചർച്ചയായത്.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ.ശുഭ്ദീപ് ഘോഷും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) മറൈൻ ബയോഡൈവേഴ്സിറ്റി വിഭാഗം മേധാവി ഡോ.ഗ്രിൻസൻ ജോർജും റിപ്പോർട്ട് അവതരിപ്പിച്ചു.